II.ഇ.ബി. XIII-കേരള നിയമസഭ/I -6

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**18(*151)** മനുഷ്യക്കടത്തും അവയവ കച്ചവടവും

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സംഘടിത കുറ്റകൃത്യങ്ങൾ, അനധികൃത മനുഷ്യക്കടത്ത് എന്നിവയെ സംബന്ധിച്ച് 2009 മേയ് മാസം ഡൽഹിയിൽ നടന്ന സെമിനാറിൽ ഉരുത്തിരിഞ്ഞ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റ് (ATHUs) സ്ഥാപിക്കുകയും ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചുവരുന്നതായും സഭയെ അറിയിച്ചു. കണ്ണൂർ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ശ്രീ. എസ്. ശ്രീജിത്ത് ഐ.പി. എസ്.-നെ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്-ന്റെ സംസ്ഥാന നോഡൽ ഓഫീസറായും ഡി.സി.ആർ.ബി-യിലെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാർ/പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാർ എന്നിവരെ ജില്ലാ നോഡൽ ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. 28-2-2011-ൽ പോലീസ് ആസ്ഥാനത്ത് നടന്ന ക്രൈം റിവ്യൂ മീറ്റിംഗിൽ ഇത്തരം സംഭവങ്ങൾക്കെതിരെ കർശന

നടപടി സ്വീകരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ നിന്ന് അന്യ സംസ്ഥാനങ്ങളിലേയ്ക്കും അവിടെനിന്ന് കേരളത്തിലേക്കുമുള്ള മനുഷ്യക്കടത്ത് നിരീക്ഷിക്കുവാനും വിവരങ്ങൾ ശേഖരിക്കുവാനും പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-നെയും അവരവരുടെ നിയമ പരിപാലന അധികാരത്തിൽ വരുന്ന പ്രദേശങ്ങളിൽ റെയ്ഡ് നടത്തി ഇത്തരം സംഭവങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മനുഷ്യക്കടത്തും അവയവക്കച്ചവടവും സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ നടന്നിട്ടില്ലെന്നും അവയവക്കച്ചവടവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ അകപ്പെടുന്നവരെ കണ്ടെത്തി രക്ഷിക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് ഓഫ് സോഷ്യൽ വെൽഫെയർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ സർവ്വീസസ് തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കി. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ആതറൈസേഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്നവർക്കു മാത്രമേ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഏർപ്പെടാൻ അനുവാദമുള്ളു; കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അവയവദാനം സംബന്ധിച്ച് നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് വൃക്ക സ്വീകരിക്കുന്നവർക്കും ദാതാക്കൾക്കുമായി അതാത് മെഡിക്കൽ കോളേജുകളിൽ ഏകജാലക സംവിധാനം തുടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**19(*152)** <u>സംസ്ഥാന പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി</u>

മുഖ്യമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാന പദ്ധതികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ ക്യാബിനറ്റ് സെക്രട്ടേറിയറ്റിന് കീഴിലുള്ള "പെർഫോമൻസ് മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ സിസ്റ്റം" നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ 34 വകുപ്പുകളിൽ " റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ്" തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാടിസ്ഥാനത്തിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ അതാത് ജില്ലകളിലെ എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും സഹകരണത്തോടുകൂടി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും വികസന പ്രവർത്തനങ്ങളും പ്രധാനപ്പെട്ട സ്കീമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സുതാര്യമായ ഭരണ നിർവ്വഹണത്തിലൂടെ അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുക എന്ന സർക്കാർ നയം മുൻനിറുത്തി പൗരാവകാശ പത്രിക ഇറക്കൽ, വിവരങ്ങൾ അറിയുവാനുള്ള അവകാശം ഏർപ്പെടുത്തൽ, പരാതി പരിഹാര സംവിധാനം, അന്വേഷണ കൗണ്ടറുകളുടെ രൂപീകരണം, അധികാര വികേന്ദ്രീകരണം, ഹാജർനില നിരീക്ഷിക്കൽ, കമ്പ്യൂട്ടർവൽക്കരണം

എന്നിവയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 'സുതാര്യ കേരളം' പരിപാടിയിലൂടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഗവൺമെന്റ് വകുപ്പുകളിൽ നിലവിലിരിക്കുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്ടുകൾ എന്നിവ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും ഉദ്യോഗസ്ഥ രുടെ ഭരണപരമായ കഴിവ് വർദ്ധിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ ഇ-ഗവേണൻസ്, വിവരാവകാശ നിയമം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തി സംസ്ഥാന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരി ക്കുന്നതാണ്. കോഴിക്കോട് ഐ.ഐ.എം.-ൽ വച്ച് ഭരണ നിർവ്വഹണ ത്തിന്റെ സാങ്കേതികവും നൂതനവുമായ ആശയങ്ങൾ സംബന്ധിച്ച് സംസ്ഥാന മന്ത്രിമാർക്ക് ഏകദിന ക്ലാസ്സ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്താൻ പ്ലാനിംഗ് കമ്മീഷൻ സമ്മതിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ഷെഡ്യൂൾ കേരളാ പി.ഡബ്ല്യു.ഡി. റേറ്റോ സെൻട്രൽ പി.ഡബ്ല്യു.ഡി. റേറ്റോ ആക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുടങ്ങിക്കിടക്കുന്ന പി.എം. ജി.എസ്.വൈ വർക്കുകളുടെ ടെണ്ടർ എക്സസ്സിന് ആവശ്യമായ തുക

ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിൽ സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് നിലവിൽ ഗുഡ് സർവ്വീസ് എൻട്രി നൽകി വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

**20(*153)** <u>ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിക്കാൻ നടപടി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) നൽകിയ മറുപടിയിൽ, പൊതുവിതരണ ശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി ശേഖരിക്കുന്നതിനും വിതരണം നടത്തുന്നതിനും ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കുന്ന ഭക്ഷ്യവിഭവങ്ങൾ എഫ്.സി.ഐ. ഡിപ്പോകളിൽ നിന്ന് മൊത്ത വ്യാപാരികളും മൊത്ത വ്യാപാരികളിൽ നിന്ന് ചില്ലറ വ്യാപാരികളും സ്റ്റോക്ക് വിട്ടെടുക്കുകയാണ് ചെയ്തുവരുന്നത്. മൊത്ത വ്യാപാര ഡിപ്പോകളിൽ വരുന്ന സ്റ്റോക്ക് ഒരു മാസത്തിനുള്ളിൽ ചില്ലറ വ്യാപാരികൾ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്നതിനാൽ ഒരു മാസത്തിലേറെ സ്റ്റോക്ക് സൂക്ഷിക്കേണ്ട സാഹചര്യം നിലവിലില്ല. വീറ്റ് ബേസ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പ്രകാരം കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരി അംഗൻവാടികളിൽ നൂൺ ഫീഡിംഗ് തയ്യാറാക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾക്ക് ഗോതമ്പ് ന്യൂട്രി മിക്സ് തയ്യാറാക്കുന്നതിനും അനുവദിച്ചു വരുന്നു. നൂൺ ഫീഡിംഗിന് അംഗൻവാടികൾക്ക് എഫ്.സി.ഐ. മുഖാന്തിരം ഫെയർ ആവറേജ് ക്വാളിറ്റിയിലുള്ള ഭക്ഷ്യധാന്യങ്ങളാണ് നൽകിവരുന്നത്. എഫ്.സി.ഐ.-യിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത്

മാവേലി സ്റ്റോറുകൾ വഴി അംഗൻവാടികൾക്ക് വിതരണം ചെയ്യുന്ന അരിയുടെ ക്വാളിറ്റി ബന്ധപ്പെട്ട സൂപ്പർവൈസർമാർ പരിശോധിച്ച ശേഷമാണ് ഏറ്റെടുക്കുന്നത്. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാസത്തിൽ ഒരു തവണ മൊത്ത ചില്ലറ വ്യാപാര ഡിപ്പോകൾ പരിശോധിക്കാറുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വിതരണം ചെയ്യുന്നതിനുള്ള കുത്തരിയുടെ ശേഖരണവും വിതരണവും തെരഞ്ഞെടുത്ത മില്ലുകൾ മുഖാന്തിരം സപ്ലൈകോയാണ് ചെയ്തു വരുന്നത്. നെല്ല് സംഭരിച്ച് കുത്തരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്. കഴിഞ്ഞ 5 വർഷത്തിനിടെ സംസ്ഥാനത്തെ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിൽ 385 കിലോ അരിയും 40 കിലോ ഗോതമ്പും വിതരണ ക്രമത്തിലെ അപാകതമൂലം നശിച്ചിട്ടുണ്ട്. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തി സൂക്ഷിക്കുന്നതിന് ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഉപദേശക സമിതി രൂപീകരിക്കുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റുമായി ആലോചിക്കുന്നതാണ്. സംസ്ഥാനത്ത് ഫുഡ് കോർപറേഷൻ ഓഫ് ഇൻഡ്യയുടെ കീഴിൽ 22 സ്ഥലങ്ങളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 9 സ്ഥലങ്ങളിലും വെയർ ഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ 14 സ്ഥലങ്ങളിലും ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടു രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതിയിൽ അനർഹരായവർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കാനും ഓണത്തിനു മുമ്പ് ഒരു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെൽകർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി

കൊടുക്കുന്ന അരി മറിച്ചു വിറ്റതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തര വാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**അടിയന്തിര ചോദ്യം**

1(1) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്ത് സംരക്ഷണം

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ശ്രീപത്മനാഭ സ്വാമി ക്ഷേത്രംവക സ്വത്ത് പരിശോധിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടെന്ന് സഭയെ അറിയിച്ചു. ക്ഷേത്രത്തിന്റെ നിലവറയിലുള്ള സ്വത്തുക്കളുടെ സംരക്ഷണത്തിന് സംസ്ഥാന പോലീസിന്റെയും കമാൻഡോ വിംഗിന്റെയും ദ്രുതകർമ്മ സേനയുടെയും നേതൃത്വത്തിൽ സമഗ്രമായ രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ക്ഷേത്രത്തിൽ നടപ്പിലാ ക്കേണ്ട ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സുരക്ഷാ ക്രമീകരണ ങ്ങളെപ്പറ്റി പഠിച്ച് കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനായി എ.ഡി.ജി.പി. ശ്രീ. വേണുഗോപാൽ.കെ. നായരുടെ നേതൃത്വത്തിൽ ഇന്റലിജൻസ് എ.ഡി.ജി.പി. ഹേമചന്ദ്രൻ, ഐ.ജി.പി. ഇന്റേണൽ സെക്യൂരിറ്റി ശ്രീ. എസ്. ആനന്ദ കൃഷ്ണൻ, തിരുവനന്തപുരം റേഞ്ച് ഐ.ജി. ശ്രീ. കെ. പത്മകുമാർ എന്നിവര ടങ്ങുന്ന ഉന്നതതല സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഭക്തജനത്തിരക്ക് കണക്കിലെടുത്ത് ക്ഷേത്രത്തിന്റെ സെക്യൂരിറ്റിക്കായി കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പാടാക്കാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്. സുരക്ഷാ ക്രമീകരണ

ങ്ങളുടെ ഭാഗമായി ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാത്തവിധം ലോക്കൽ പോലീസും ബറ്റാലിയൻ പോലീസും ഉൾപ്പെടെ 53 പേരെ മൂന്ന് ഷിഫ്റ്റുകളായി ക്ഷേത്രത്തിനകത്തും 74 പേരെ മൂന്ന് ഷിഫ്റ്റുകളായി ക്ഷേത്രത്തിന് പുറത്തും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ ദ്രുതകർമ്മസേനയെ വിന്യസിക്കുകയും സ്പെഷ്യൽ പോലീസ് കൺട്രോൾ റൂമും പത്തു പേരടങ്ങുന്ന ടെലികമ്മ്യൂണിക്കേഷൻ വിഭാഗവും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ക്ഷേത്ര പരിസരത്ത് നടക്കുന്ന മോഷണം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1201 മുതൽ 1472 വരെയുള്ള ചോദ്യങ്ങളിൽ 140 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)